**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 468** **17-09-2025 - ൽ മറുപടിയ്ക്ക്**

**കിഫ്‌ബി ഫണ്ട് ഉപയോഗിച്ച് വളപട്ടണം കാക്കുളങ്ങര പള്ളിയിൽ നടക്കുന്ന(ഹെറിറ്റേജ് ടൂറിസം) പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അഴീക്കോട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് വളപട്ടണം കാക്കുളങ്ങര പള്ളിയിൽ നടക്കുന്ന(ഹെറിറ്റേജ് ടൂറിസം) പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; | (എ) | അഴിക്കോട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് വളപട്ടണം കാക്കുളങ്ങര പള്ളിയുടെ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പ്രവേശനകെട്ടിടത്തിന്റെ നവീകരണം, കോംപൗണ്ട് മതിൽ, റീറ്റെയ്നിങ് വാൾ, കുളം നവീകരണം എന്നീ പ്രവർത്തനങ്ങൾ 85% പൂർത്തിയായിട്ടുണ്ട് എന്നും പ്രതികൂല കാലാവസ്ഥ മൂലം കുളപ്പുര, ഗാലറി, ടോയ്ലറ്റ്, നടപ്പാത, ലാൻഡ്സ്കേപ്പിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടിരുന്നു എന്നും 2025 നവംബർ മാസത്തോടെ മുഴുവൻ പ്രവർത്തനങ്ങളും പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും പദ്ധതി നിർവഹണ ഏജൻസിയായ KIIDC അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; ആയതിൽ എന്തെല്ലാമാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പദ്ധതി നിർവഹണ ഏജൻസിയായ KIIDC കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഇതിൽ മോസ്കിന്റെ നവീകരണം, കുളപ്പുരയുടെ നവീകരണം, കുളത്തിന്റെ നവീകരണം, കവാടനവീകരണം, നടപ്പാത, ഗാലറി, ടോയ്ലറ്റ് ലാൻഡ്സ്കേപ്പിംഗ്, പ്ലംബിംഗ്, ഇലക്ട്രിക്കൽ പണികൾ എന്നിവ ഉൾപ്പെട്ടിരുന്നു. എന്നാൽ കിഫ്ബിയിൽ നടന്ന പരിശോധനയിൽ ചില അപാകതകൾ ശ്രദ്ധയിൽപെടുകയും, ടി നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഫയൽ തിരികെ നൽകുകയും ചെയ്തു. പരിഷ്കരിച്ച എസ്റ്റിമേറ്റ് സെപ്റ്റംബർ 12-ന് KIIDC തിരികെ സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ പരിശോധന KIIFB-യിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് റിവൈസ്ഡ് എസ്റ്റിമേറ്റിനു അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | റിവൈസ്ഡ് എസ്റ്റിമേറ്റിന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | പ്രസ്തുത പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പദ്ധതി നിർവഹണ ഏജൻസിയായ KIIDC |

| | | | | |
|---|---|---|---|---|
| | | | | കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഇതിൽ മോസ്കിന്റെ നവീകരണം, കുളപ്പുരയുടെ നവീകരണം, കുളത്തിന്റെ നവീകരണം, കവാടനവീകരണം, നടപ്പാത, ഗാലറി, ടോയ്‌ലറ്റ് ലാൻഡ്സ്കേപ്പിംഗ്, പ്ലംബിംഗ്, ഇലക്ട്രിക്കൽ പണികൾ എന്നിവ ഉൾപ്പെട്ടിരുന്നു. എന്നാൽ കിഫ്ബിയിൽ നടന്ന പരിശോധനയിൽ ചില അപാകതകൾ ശ്രദ്ധയിൽപെടുകയും, ടി നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഫയൽ തിരികെ നൽകുകയും ചെയ്തു. പരിഷ്കരിച്ച എസ്റ്റിമേറ്റ് സെപ്റ്റംബർ 12-ന് KIIDC തിരികെ സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ പരിശോധന KIIFB-യിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് റിവൈസ്ഡ് എസ്റ്റിമേറ്റിനു അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ